# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 975 03/12/2014 - ൽ മറുപടിക്ക്

## ചേർത്തല ഇ.എസ്.ഐ ആശുപത്രി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| എ) ഇ.എസ്.ഐ ആനുകൂല്യം ലഭിക്കേണ്ട രോഗികൾക്ക് ചേർത്തല ഇ.എസ്.ഐ ആശുപത്രിയിൽ നിന്നും ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ലന്നും, ഡോക്ടറുടെ നിർദ്ദേശപ്രകാരം പുറത്തുനിന്നും വിലകൊടുത്ത് മരുന്നുവാങ്ങി ബിൽ സമർപ്പിച്ചാലും ബിൽ തുകയുടെ പകുതിപോലും തൊഴിലാളികൾക്ക് സർക്കാർ നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ, ഈ പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; രോഗികൾക്ക് ആവശ്യമായ എല്ലാ മരുന്നുകളും ആശുപത്രിയിൽ നിന്നും നൽകാൻ നടപടി സ്വീകരിക്കുമോ;വിശദവിവരം ലഭ്യമാക്കുമോ; | എ) ചേർത്തല ഇ.എസ്.ഐ ഡിസ്പെൻസറിയിൽനിന്നും ഒട്ടുമിക്ക മരുന്നുകളും വിതരണം ചെയ്യുന്നുണ്ട്. പുറത്തുനിന്നും വാങ്ങുന്ന മരുന്നുകൾക്ക് സി.ജി.എച്ച്.എസ് നിരക്ക പ്രകാരം അനുവദനീയായ തുക നൽകുന്നുണ്ട്. രോഗികൾക്കാവശ്യമായ എല്ലാമരുന്നുകളും ആശുപത്രി വഴി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| ബി) ഇ.എസ്.ഐ ആശുപത്രികളിൽ ലാബ് പരിശോധനകൾക്ക് സൗകര്യമില്ലാത്തതിനാൽ പുറത്തുള്ള സ്ഥാപനങ്ങളെ സമീപിക്കുന്ന രോഗികളായ തൊഴിലാളികൾക്ക് ലാബ് ടെസ്റ്റുകളുടെ മുഴുവൻ തുകയും നൽകാതിരിക്കുന്നത് ഇൻഷ്വറൻസ് നിയമത്തിന് വിരുദ്ധമല്ലേ; ഇത് അടിയന്തിരമായി പരിഹരിക്കുമോ; വിശദവിവരം നൽകുമോ? | ബി) എല്ലാ ചികിത്സകളുടേയും മരുന്നുകളുടെയും ലാബ് ടെസ്റ്റുകളുടേയും സി.ജി.എച്ച്.എസ് നിരക്ക പ്രകാരം അനുവദനീയായ തുക മാത്രമേ നൽകുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ